21. ശ്രീ. എ. പത്മകുമാർ
22. ,, കെ. പ്രകാശ് ബാബു
23. ശ്രീമതി എൻ. കെ. രാധ
24. ശ്രീ. വർക്കല രാധാകൃഷ്ണൻ
25. ,, ബി. രാഘവൻ
26. ,, പി. രാഘവൻ
27. ,, വി. വി. രാഘവൻ
28. ,, എൻ. രാജൻ
29. ,, പി. രാജു
30. ,, ഇ. ശങ്കരൻ
31. ,, എസ്. ശർമ്മ
32. ,, സത്യൻ മൊകേരി
33. ,, എ. സി. ഷൺമുഖദാസ്
34. ,, ടി. ശിവദാസമേനോൻ
35. ,, വി. ജെ. തങ്കപ്പൻ
36. ,, പിണറായി വിജയൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—36

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(b) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെ പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 1996-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ

(2) 1996-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത 1996-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പ് മന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ഇസ്മാക്ക് കുരിക്കൾ)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കേരളത്തിലെ പഞ്ചായത്ത്രാജ് ഭേദഗതി നിയമത്തിനും, മുനിസിപ്പൽ ഭേദഗതി നിയമത്തിനും വിയോജന കുറിപ്പ് എഴുതിയത് ഞാൻ മാത്രമേയുള്ളൂ. വിയോജനക്കുറിപ്പിനെ സംബന്ധിച്ച് സംസാരിക്കുമ്പോൾ പഞ്ചായത്ത്രാജ് ഭരണസംവിധാനത്തെ കുറിച്ച് കഴിഞ്ഞ ആറുമാസക്കാലമായി ഈ ഗവൺമെൻറ് എടുക്കുന്ന നടപടികൾ എന്ത്? അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് ഐക്യജനാധിപത്യമുന്നണിയുടെ കാഴ്ചപ്പാട് എന്ത്—ഈ വക കാര്യങ്ങൾ ചർച്ച ചെയ്യുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പു നടത്തി, ഒക്ടോബർ മാസം ആദ്യം നമ്മുടെ സംസ്ഥാനത്തിൽ പഞ്ചായത്ത്രാജ് ഭരണസംവിധാനവും, നഗരപാലികാ ഭരണസംവിധാനവും നടപ്പിലായി എന്നാണ് സങ്കൽപം. മറ്റു ചില സംസ്ഥാനങ്ങളിലെ നിയമവുമായി തട്ടിച്ചുനോക്കുമ്പോൾ, നമ്മുടെ സംസ്ഥാനത്തിലെ നിയമം മോശമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ പഞ്ചായത്ത്രാജ് ഭരണസംവിധാനവും, നഗരപാലികാ ഭരണ സംവിധാനവും നടപ്പിലാക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ പല ഗവൺമെൻറുകളുടെയും പിന്നിലാണ് കേരള ഗവൺമെൻറ് എന്നതിൽ സംശയമില്ല. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഭരണഘടനാ നിർമ്മാണ സമിതി ഇന്ത്യയുടെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തിരുന്നു. ആ ചർച്ചയിൽ ഇന്ത്യ കണ്ടിട്ടുള്ള ഏറ്റവും പ്രഗൽഭൻമാരായ ജൂറികൾ പങ്കെടുത്തിരുന്നു. മഹാനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പങ്കെടുത്തു ചർച്ച ചെയ്ത വിഷയമായിരുന്നു അധികാരവികേന്ദ്രീകരണം. ഭരണഘടനയിൽ മഹാത്മജി വിഭാവന ചെയ്തിട്ടുണ്ട്, എന്നു സങ്കൽപ്പിക്കുന്ന അധികാരവികേന്ദ്രീകൃത ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനയിൽ സ്ഥാനം ലഭിച്ചിട്ടില്ല. ഭരണഘടന നിലവിൽ വന്നതിനുശേഷം പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. പഞ്ചവൽസര പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ ബഹുജനങ്ങളുടെ പങ്കാളിത്തം പൂർണ്ണമായും നഷ്ടപ്പെട്ടതുകൊണ്ട് ആ പഞ്ചവൽസര പദ്ധതികൾ പരാജയപ്പെട്ടു. ആ സമയം ഇന്ത്യയിലെ ബുദ്ധിജീവികൾ വീണ്ടും ചർച്ച ചെയ്തു. ഗവൺമെൻറിൻെറ പദ്ധതികൾ വിജയിക്കണമെങ്കിൽ ജനങ്ങളുടെ പങ്കാളിത്തം ആവശ്യമാണ്. അധികാരവികേന്ദ്രീകരണം എത്രത്തോളമാവാമെന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൻെറ കാലത്ത് ശ്രീ. ബൽവന്ത്റോയി മേത്തയെ ചുമതലപ്പെടുത്തിക്കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു. ആദ്യമായി അധികാര വികേന്ദ്രീകരണം അല്ലെങ്കിൽ പഞ്ചായത്ത്രാജ് ഭരണസംവിധാനം നടപ്പിലായ സംസ്ഥാനം രാജസ്ഥാനാണ്. 1959 ഒക്ടോബർ 2-ാം തീയതി അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയിൽ ആദ്യമായി രാജസ്ഥാനിൽ പഞ്ചായത്ത് രാജ് ഭരണസംവിധാനം ഉത്ഘാടനം ചെയ്തു. കുറേയൊക്കെ അധികാരം വികേന്ദ്രീകരിച്ച് പഞ്ചായത്ത്രാജ്-മുനിസിപ്പൽ സ്ഥാപനങ്ങൾക്ക് നൽകപ്പെട്ടിരുന്നു. പക്ഷെ, അധികാരം വികേന്ദ്രീകരിച്ച്, നൽകിയ അതേ രാജസ്ഥാൻ കോൺഗ്രസ് ഗവൺമെൻറുതന്നെ നൽകപ്പെട്ട അധികാരങ്ങളെല്ലാം ഒന്ന്, ഒന്നായി തിരിച്ചെടുത്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെയെല്ലാം പിരിച്ചുവിട്ട, പിന്നെ തെരഞ്ഞെടുപ്പു നടത്താതായി. രാജസ്ഥാൻെറ അനുഭവത്തിൻെറ ചുവടുപിടിച്ചുകൊണ്ട് ഗുജറാത്ത്, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിലും അധികാരവികേന്ദ്രീകരണം നടപ്പിലാക്കുകയും, അത് പരാജയപ്പെടുകയും ചെയ്തു. വീണ്ടും രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമായി ചർച്ച നടന്നു. അധികാരം എത്രത്തോളം വികേന്ദ്രീകരിക്കപ്പെടാം, എത്രത്തോളം ആയിക്കൂടാ എന്നതിനെ സംബന്ധിച്ച് പല തലങ്ങളിലും പല പരീക്ഷണങ്ങളും നടത്തി പരാജയപ്പെട്ടു. അധികാരങ്ങൾ താഴെ തലത്തിലേക്ക് വിനിയസിക്കാനും അങ്ങനെ വിനിയസിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത്, ഗ്രാമപ്പഞ്ചായത്ത് മുനിസിപ്പൽ പ്രതിനിധികൾക്ക് അധികാരം കൈമാറാനും ഗവൺമെൻറ് തയ്യാറായി. പക്ഷെ ജനപ്രതിനിധികൾക്ക് അധികാരം കൈകാര്യം ചെയ്യുന്നതിനുള്ള നിയമങ്ങളോ, അതിനുള്ള സമ്പത്തോ നൽകിയിരുന്നില്ല. അങ്ങനെ അത് വീണ്ടും പരാജയപ്പെട്ടു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും പഞ്ചായത്ത്, മുനിസിപ്പൽ തെരഞ്ഞെടുപ്പുതന്നെ വർഷങ്ങളോളം നീട്ടിക്കൊണ്ടുപോയി. ഇന്ത്യയിൽ ജനതാ ഗവൺമെൻറിൻെറ കാലത്ത് ശ്രീ. അശോക് മേത്ത പ്രസിഡൻറായി ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ചർച്ചചെയ്ത് ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. പക്ഷെ അതു നടപ്പിലായില്ല. അതിനുശേഷം കാര്യമായ പരീക്ഷണങ്ങൾ നടത്തിയതിൽ ഒന്ന്, കർണ്ണാടകത്തിൽ അധികാരത്തിൽ വന്ന ശ്രീമാൻ ഹെഗ്ഡെയുടെ ഗവൺമെൻറ് ആയിരുന്നു. അത് ഏകദേശ വിജയമായിരുന്നു. ഇവിടത്തെപ്പോലെ ഒരു ജൂനിയർ ഉദ്യോഗസ്ഥനെയല്ല ജില്ലാ പഞ്ചായത്തിൻെറ സെക്രട്ടറി ആയി അവിടെ നിയമിച്ചത്. ഒരു സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനെ ആയിരുന്നു ജില്ലാ പഞ്ചായത്തിൻെറ സെക്രട്ടറിയായി കർണ്ണാടകത്തിൽ ശ്രീമാൻ ഹെഗ്ഡെയുടെ ഗവൺമെൻറിൻെറ കാലത്ത് നിയമിച്ചത്. അങ്ങനെ ജില്ലാ പഞ്ചായത്തിൻെറ ഭരണം വളരെ ഗൗരവത്തോടുകൂടി കാണാനും, അതിൽ ഏർപ്പെടുത്തിയ രീതിയിലുള്ള ഉദ്യോഗസ്ഥൻമാരെ നിയോഗിക്കാനും, സമ്പത്ത് നൽകാനും തയ്യാറായത് ശ്രീമാൻ ഹെഗ്ഡെയാണ്. ശ്രീമാൻ ഹെഗ്ഡെയുടെ ഗവൺമെൻറ് പോയതിനുശേഷം ശ്രീമാൻ ബങ്കാരപ്പയുടെ ഗവൺമെൻറ് അധികാരത്തിൽ വന്നു. ശ്രീമാൻ ഹെഗ്ഡെ അധികാര വികേന്ദ്രീകരണം നടത്തി എന്തെല്ലാം കാര്യങ്ങൾ ചെയ്തുവോ അതെല്ലാം തിരിച്ചെടുക്കുകയായിരുന്നു ശ്രീ. ബങ്കാരപ്പയുടെ ഗവൺമെൻറ് ചെയ്തത്. അങ്ങനെ ജനതാദളിൻെറ ഗവൺമെൻറ് കൊണ്ടുവന്ന അധികാരവികേന്ദ്രീകരണത്തെ പൂർണ്ണമായും ശ്രീ. ബങ്കാരപ്പയുടെ കോൺഗ്രസ് ഗവൺമെൻറ് തകർത്തു. ഞാൻ ഇതു പറയുന്നത്, അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് ചർച്ച ചെയ്തതല്ലാതെ, യഥാർത്ഥത്തിൽ ഒരു കാരണവശാലും കോൺഗ്രസ് പാർട്ടിയോ, കോൺഗ്രസ് ഗവൺമെൻറോ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയില്ല എന്ന് സ്ഥാപിക്കാനാണ്. 1977-ൽ പശ്ചിമ ബംഗാളിൽ സഖാവ് ജ്യോതിബാസുവിൻെറ ഗവൺമെൻറ് അധികാരത്തിൽ വന്നു. അദ്ദേഹത്തിൻെറ ഗവൺമെൻറ് തുടർച്ചയായി ഇപ്പോഴും നിലനിൽക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ: ജില്ലാ റോഡുകൾ സ്റേറററ് ഹൈവേ ആയി ഏറെടുക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി പറഞ്ഞതായി കണ്ടു. ജില്ലാ റോഡുകൾ ഇപ്പോൾ ജില്ലാ പഞ്ചായത്തിന് വിട്ടുകൊടുത്തിരിക്കുന്നു. ആ റോഡുകൾ ജില്ലാ പഞ്ചായത്തിന് കൊടുക്കാതിരിക്കുന്നതിനുവേണ്ടിയുള്ള, അധികാരവികേന്ദ്രീകരണമെന്ന തത്വത്തെ പാരവച്ചു തകർക്കുന്നതിനുവേണ്ടിയുള്ള ഈ ഗവൺമെൻറിൻെറ വൃത്തികെട്ട സമീപനത്തിൻെറകൂടി ഭാഗമല്ലേ ഇത്തരം ഒരു നിലപാട്? അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ജില്ലാ റോഡുകളെല്ലാം ജില്ലാ പഞ്ചായത്തിന് കൊടുത്തുവെന്ന് പ്രഖ്യാപിക്കുകയും ആ റോഡുകൾ പണിയുന്നതിനുള്ള പൈസ കൊടുക്കാതിരിക്കുകയും ആ റോഡുകൾ പണിയാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുമ്പോഴും തിരിച്ചെടുക്കുകയും—അങ്ങനെ കൊടുക്കുകയും എടുക്കുകയും ചെയ്യുന്ന പ്രോസസ്സിലാണ് ഈ ഗവൺമെൻറ്. ഇതാണ് ഈ ഗവൺമെൻറ് കഴിഞ്ഞ ആറുമാസമായി ചെയ്തുകൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: ജില്ലാ റോഡുകളെല്ലാം ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് ആക്ടിൽ പ്രൊവിഷൻ ഉണ്ടോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ആക്ടിൽ പ്രൊവിഷൻ ഉണ്ട്. പശ്ചിമ ബംഗാളിൽ സഖാവ് ജ്യോതിബാസുവിന്റെ ഗവൺമെൻറ് അധികാരത്തിൽ വന്നു. അദ്ദേഹത്തിന്റേതാണ് അധികാരവികേന്ദ്രീകരണം യഥാർത്ഥത്തിൽ ഇന്ത്യയിൽ നടപ്പിലാക്കാൻ ശ്രമിച്ച മറ്റൊരു ഗവൺമെൻറ്. അവിടെ മുനിസിപ്പൽ സ്ഥാപനങ്ങൾക്ക് പ്രത്യേകം ഭരണസംവിധാനം, പഞ്ചായത്ത് ഭരണം പ്രത്യേകിച്ച്, അങ്ങനെ രണ്ടായി തിരിച്ചുകൊണ്ട് പരമാവധി അധികാരങ്ങൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പകർന്നുകൊടുത്തുകൊണ്ടുള്ള നിയമനിർമ്മാണം നടത്തി. കോൺഗ്രസ് ഇവിടെ കൊട്ടിഘോഷിക്കുന്നത് രാജീവ്ഗാന്ധിയാണ് ഭരണഘടനാ ഭേദഗതി അറുപത്തിനാലും അറുപത്തിയഞ്ചും കൊണ്ടുവന്ന് അധികാരം വികേന്ദ്രീകരിക്കാൻവേണ്ടി ആദ്യമായി അവതരിച്ച ഒരു അപ്പോസ്തലൻ എന്നല്ലേ? അത് ശരിയല്ല. 1989-ൽ ആണ് രാജീവ്ഗാന്ധി ഭരണഘടനാ ഭേദഗതി കൊണ്ടുവന്നത്. 12 വർഷം മുമ്പ് പശ്ചിമ ബംഗാളിൽ അധികാരത്തിൽ വന്ന സഖാവ് ജ്യോതിബാസു ഇന്ന് നാം നടപ്പിലാക്കാൻ ആഗ്രഹിക്കുന്നതും പക്ഷേ ഈ ഐകൃജനാധിപത്യമുന്നണി ഗവൺമെൻറ് നടപ്പിലാക്കാത്തതുമായ അധികാരവികേന്ദ്രീകരണം മുഴുവനും 1977-ൽ അധികാരത്തിൽ വന്ന സഖാവ് ജ്യോതിബാസുവിന്റെ ഗവൺമെൻറ് നടപ്പിലാക്കി കഴിഞ്ഞിരുന്നു. 64, 65 എന്നീ ഭരണഘടനാ ഭേദഗതികളെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭ വിശദമായി ഇവിടെ ചർച്ച ചെയ്തതാണ്. ജില്ലാ കൗൺസിൽ ബിൽ നമ്മൾ ചർച്ച ചെയ്യുമ്പോൾ ആ ജില്ലാ കൗൺസിൽ ബില്ലും അന്ന് രാജീവ്ഗാന്ധി അവതരിപ്പിച്ച ഭരണഘടനാ ബില്ലുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ഈ നിയമസഭയിൽ വിശദമായി ചർച്ച നടത്തിയതാണ്. ഭരണഘടനാ ഭേദഗതിയും ഭരണഘടനാ ഗ്യാരൻറിയും അധികാരവികേന്ദ്രീകരണത്തിന്റെ ഒരു ഉറപ്പല്ല തെളിയിക്കുന്നത്. എല്ലാ നടപടിക്രമങ്ങളും ഭരണഘടനാ ഗ്യാരൻറി ഇല്ലാതെതന്നെ, ഭരണഘടനയുടെ യാതൊരു ഉറപ്പുമില്ലാതെ ശ്രീ. ജ്യോതിബാസു 1978 മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ കൈയിൽ അധികാരം പകർന്നുകൊടുക്കുകയെന്നു പറഞ്ഞാൽ ജനങ്ങളെ സകല ഭരണ സംവിധാനത്തിലും പങ്കെടുപ്പിക്കുകയാണ്. Participative democracy or face to face democracy—എന്നൊക്കെ പറയുകയല്ലാതെ ഇവിടെ വല്ലതും നടപ്പിലാക്കിയിട്ടുണ്ടോ? ജനാധിപത്യം എന്നു പറയുന്നത് ജനങ്ങളുമായി മുഖാമുഖം കാണുന്നതാണ്. Face to face democracy or participative democracy—ഇതൊക്കെയാണ് അധികാരവികേന്ദ്രീകരണത്തിന്റെ സങ്കൽപ്പം. ഇവിടെ face to face democracy ഇല്ല participative democracy ഇല്ല. അത് നടപ്പിലാക്കുവാനുള്ള ഭരണസംവിധാനവുമില്ല. ഉദ്യോഗസ്ഥവൃന്ദങ്ങളേയും നിലനിറുത്തിക്കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട കുറെ പ്രതിനിധികളെ അധികാരമൊന്നും നൽകാതെ വച്ചിരിക്കുന്നു. അധികാരവികേന്ദ്രീകരണത്തെക്കുറിച്ചുള്ള ഭരണഘടനാ ഭേദഗതി ശ്രീ. നരസിംഹറാവു അവതരിപ്പിക്കുന്നതിനു വർഷങ്ങൾക്കു മുമ്പ്, ശ്രീമാൻ രാജീവ്ഗാന്ധി 64, 65 എന്നീ ഭരണഘടനാ ഭേദഗതികൾ ലോകസഭയിൽ അവതരിപ്പിക്കുന്നതിനു വർഷങ്ങൾക്കുമുമ്പ് അധികാര

LIBRARY ARCHIVES Kerala Legislative Assembly

വികേന്ദ്രീകരണം നടപ്പിലാക്കി. ആ അധികാരവികേന്ദ്രീകരണത്തിലൂടെ പഞ്ചായത്തടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തി. പഞ്ചായത്ത് മെമ്പർമാർ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കൈയിൽ അധികാരം പകർന്നുകൊടുത്തു. ആ അധികാരം പ്രയോഗത്തിൽ വരുത്തി നാട്ടിൻപുറങ്ങളിൽ സമ്പത്ത് ഉൽപാദിപ്പിക്കുന്ന പ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിച്ചു. ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജനങ്ങളുടെ പൂർണ്ണമായ സഹകരണത്തോടുകൂടി പദ്ധതികളും നടപ്പിലാക്കി വിജയിപ്പിച്ച, അല്ലെങ്കിൽ വിജയിപ്പിച്ചുകൊണ്ടിരിക്കുന്ന, ഒരു സംസ്ഥാനമാണ് പശ്ചിമ ബംഗാൾ. നമ്മൾ ഈ ബിൽ ഇവിടെ ചർച്ച ചെയ്യുമ്പോൾ പശ്ചിമബംഗാളിലെ നഗരപാലികാ ബിൽ പരാമർശിക്കുകയാണ്. അവിടത്തെ മുനിസിപ്പൽ ചെയർമാനും മേയർക്കും ലാൻഡ് അക്വിസിഷനു ഡെപ്യൂട്ടി കളക്ടറുടെ പവർ നൽകിയിട്ടുണ്ട്. ഇവിടെ തിരുവനന്തപുരം മേയർക്ക് ലാൻഡ് അക്വയർ ചെയ്യാനുള്ള ഒരു റിക്വസ്റ്റിന് റവന്യൂ ഡിപ്പാർട്ടുമെൻറിനു നൽകാൻ മാത്രമേ കഴിയൂ.

ശ്രീ. പി. ബാലൻ: അങ്ങ് പശ്ചിമ ബംഗാളിലെ നിയമ നിർമ്മാണത്തെക്കുറിച്ചു പറയുന്നല്ലോ, അങ്ങയുടെ കാലത്ത് ഇവിടെയും ഒന്ന് അവതരിപ്പിച്ചല്ലോ, അത് പശ്ചിമ ബംഗാളിലെ അതേ മാതിരി ആയിരുന്നോ?

ശ്രീ. ഇ. പി. ജയരാജൻ: നേരത്തെ സഖാവ് ബാലേട്ടൻ പശ്ചിമ ബംഗാളിൽത്തന്നെ തിരിഞ്ഞുനിന്ന് കളിക്കുകയായിരുന്നല്ലോ, ഇപ്പോൾ മാത്രം പശ്ചിമബംഗാൾ എന്ന് കേൾക്കുമ്പോൾ ഒരലർജി!

ശ്രീ. വി. ജെ. തങ്കപ്പൻ: പശ്ചിമ ബംഗാളിൽ നടപ്പിലാക്കിയ അധികാരവികേന്ദ്രീകരണ നിയമവും കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് ഇവിടെ നടപ്പിലാക്കിയ ജില്ലാ കൗൺസിൽ നിയമവും അതിൻെറ ഘടനയും രണ്ടും രണ്ടാണ്. ഇവിടത്തെ ഡിസ്ട്രിക്ട് കൗൺസിൽ നിയമം പഞ്ചായത്തും മുനിസിപ്പാലിറ്റികളുംകൂടി ചേരുന്ന ജില്ലാ കൗൺസിലാണ്. നമ്മുടേതുപോലെയുള്ള ഒകൊച്ചു സംസ്ഥാനത്തിൽ ചെറിയ ജില്ലകളാകുമ്പോൾ പട്ടണങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിൽ വലിയ വ്യത്യാസമില്ല. നമ്മുടെ സംസ്ഥാനത്തിൽ അന്നത്തെ ഗവൺമെൻറിൻെറ അഭിപ്രായം രണ്ടും രണ്ടാകേണ്ട; രണ്ടുംകൂടി ചേരുന്ന ഒറ്റ ജില്ലാ കൗൺസിൽ മതിയെന്നാണ്. അങ്ങനെ ഒറ്റ ജില്ലാ കൗൺസിൽ മതിയാവുകയും ആ ജില്ലാ കൗൺസിൽ സെക്രട്ടറിയെ ജില്ലാ കളക്ടറായി ഞങ്ങളുടെ ഗവൺമെൻറ് നിശ്ചയിക്കുകയും ചെയ്തു. പശ്ചിമ ബംഗാളിലെ ഗവൺമെൻറ് ജില്ലാ പഞ്ചായത്തും മുനിസിപ്പാലിറ്റിയും രണ്ടും രണ്ടായി കണ്ടു. പശ്ചിമബംഗാൾ ഒരു വലിയ സംസ്ഥാനമാണ്, ഇതൊരു കൊച്ചു സംസ്ഥാനമാണ്. ഇവിടെ പട്ടണങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിൽ വലിയ വ്യത്യാസമില്ല. അതു കൊണ്ട് ഒറ്റ ജില്ലാ കൗൺസിൽ മതിയെന്നാണ് ഞങ്ങളുടെ ഇപ്പോഴത്തെ അഭിപ്രായം.

മി. ചെയർമാൻ: ത്രിതല സമ്പ്രദായം വേണ്ടെന്നാണോ അങ്ങയുടെ അഭിപ്രായം?

ശ്രീ. വി. ജെ. തങ്കപ്പൻ: ത്രിതല സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് വേണ്ടെന്നായിരുന്നു ഞങ്ങളുടെ അഭിപ്രായം. മുനിസിപ്പാലിറ്റിയും പഞ്ചായത്തുംകൂടി ചേർന്നുകൊണ്ടുള്ള ഒറ്റ ജില്ലാ കൗൺസിൽ

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കണം, ആ ജില്ലാ കൗൺസിലിന്റെ സെക്രട്ടറി കളക്ടറും ആയിരിക്കണം. ഇപ്പോൾ ഭരണഘടനാ ഭേദഗതി വന്നു, രണ്ടും രണ്ടായി തന്നെ ആവണമെന്ന് ഭരണഘടന നിർദ്ദേശിച്ചപ്പോൾ സ്വാഭാവികമായി അതിനോട് യോജിക്കാതിരിക്കാൻ കഴിഞ്ഞില്ല. പശ്ചിമബംഗാളിൽ നിലനിൽക്കുന്ന നഗരപാലികാ നിയമത്തിൽ അവിടത്തെ മുനിസിപ്പൽ ചെയർമാനും മേയർക്കും ലാൻറ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറുടെ അധികാരം കൊടുത്തിട്ടുണ്ട്. ഇവിടെ ലാൻറ് അക്വയർ ചെയ്യണമെങ്കിൽ ഇവിടത്തെ തിരുവനന്തപുരം മേയർ ശ്രീ. ശിവൻകുട്ടിക്ക് ഒരു റിക്വസ്റ്റുമായി റവന്യൂ അധികാരികളെ സമീപിക്കണം. അങ്ങനെ ഇവിടത്തെ മേയർക്കും മുനിസിപ്പൽ ചെയർമാനും ലാൻറ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറുടെ പവേഴ്സ് നൽകണമെന്ന് വാദിച്ചപ്പോൾ ഈ ഗവൺമെൻറ് അംഗീകരിച്ചില്ല. അത്തത്തോളം ജനപ്രതിനിധികൾക്ക് എക്സിക്യൂട്ടീവ് അധികാരം നൽകാൻ മടിക്കാത്ത ഒരു ഗവൺമെൻറാണ് പശ്ചിമ ബംഗാളിലെ ഗവൺമെൻറ്. അതുകൊണ്ടാണ് ഫലപ്രദമായി അധികാരവികേന്ദ്രീകരണം നടപ്പിലാക്കാൻ സഖാവ് ജ്യോതിബാസുവിന്റെ ഗവൺമെൻറിന് അവിടെ കഴിഞ്ഞത്.

അതിന്റെ മാതൃകയിലാണ് 1963-64-ൽ ഭരണഘടനാഭേദഗതികൾ ശ്രീ. രാജീവ് ഗാന്ധി അവതരിപ്പിച്ചത്. അതുകഴിഞ്ഞ് ശ്രീ. വി. പി. സിംഗ് അവതരിപ്പിച്ചു. അദ്ദേഹത്തിനും അത് പാസ്സാക്കാൻ കഴിഞ്ഞില്ല. അതുകഴിഞ്ഞ് ശ്രീ. നരസിംഹറാവു അവതരിപ്പിച്ചു പാസ്സാക്കി. നമ്മളും നിയമം പാസ്സാക്കി. നിയമം പാസ്സാക്കിയതു കൊണ്ടുമാത്രം വികേന്ദ്രീകരിക്കപ്പെടുമോ? അങ്ങ് കുറേക്കാലം മുനിസിപ്പൽ ചെയർമാനായിരുന്ന ആളാണ്. അങ്ങ് മുനിസിപ്പൽ ചെയർമാനായിരിക്കുമ്പോൾ അങ്ങയുടെ കീഴിലുള്ള ഉദ്യോഗസ്ഥൻമാരെ നിയന്ത്രിക്കുവാൻ ഉള്ള നിയമം ഇല്ലായെങ്കിൽ, അവരെ നിയന്ത്രിക്കുവാനും ശിക്ഷിക്കുവാനുമുള്ള റൂളും അതിനുള്ള ബൈലായും ഇല്ലായെങ്കിൽ, അതിനുള്ള ചട്ടങ്ങളില്ലായെങ്കിൽ, അങ്ങേയ്ക്ക് അങ്ങയുടെ മുനിസിപ്പൽ ജീവനക്കാരെ എങ്ങനെ നിയന്ത്രിക്കുവാൻ കഴിയും? നമ്മളുണ്ടാക്കിയ നിയമത്തിൽ മുനിസിപ്പൽ നിയമത്തിലും പഞ്ചായത്ത് നിയമത്തിലും മുനിസിപ്പൽ ചെയർമാനും പഞ്ചായത്ത് പ്രസിഡൻറിനും അവരുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയന്ത്രിക്കുവാനുള്ള അധികാരമുണ്ടെന്നു് എഴുതിവച്ചിട്ടുണ്ട്. പക്ഷേ അത് പ്രയോഗിക്കുന്നത് എങ്ങനെയാണെന്നുള്ളതു് സംബന്ധിച്ചുള്ള ചട്ടങ്ങൾ ഈ നിമിഷം വരെ ഉണ്ടായിട്ടില്ല. എങ്ങനെ ഭരിക്കാൻ കഴിയും? അധികാരങ്ങൾ എഴുതിയുണ്ടാക്കിയാൽ മാത്രം പോരാ, നിയമസഭ പാസ്സാക്കുന്ന നിയമം നടപ്പിലാക്കാൻ വേണ്ടുന്ന ആവശ്യമായ ചട്ടങ്ങൾ ഉണ്ടാക്കാൻ ഈ ഗവൺമെൻറ് ഇതുവരെ മിനക്കെട്ടിട്ടില്ല. സെപ്റ്റംബർ മാസത്തിൽ തെരഞ്ഞെടുപ്പിന് ഒരാഴ്ചയ്ക്കുമുൻപ് ചില സ്ഥാപനങ്ങളേയും ചില ഉദ്യോഗസ്ഥൻമാരേയും ജില്ലാ പഞ്ചായത്തിനും, ബ്ലോക്ക് പഞ്ചായത്തിനും, ഗ്രാമപഞ്ചായത്തിനും, മുനിസിപ്പാലിറ്റികൾക്കും കൈമാറിയതായി പറയുന്നതല്ലാതെ യഥാർത്ഥത്തിൽ ആ ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും ട്രാൻസ്ഫർ ചെയ്തുകൊടുക്കാനുള്ള യാതൊരു നടപടിയും ഉണ്ടായിട്ടില്ല. നമ്മുടെ നിയമസഭ രണ്ടു നിയമങ്ങൾ പാസ്സാക്കി. അതിന് രണ്ടോ മൂന്നോ ഭേദഗതികളും കൊണ്ടുവന്നു. പക്ഷേ അത് നടപ്പിലാക്കുന്നതിനുള്ള യാതൊരു സംവിധാനവും ഉണ്ടാക്കാൻ മുനിസിപ്പൽ മന്ത്രിക്കോ, പഞ്ചായത്ത് മന്ത്രിക്കോ, ഗവൺമെൻറിനോ ഈ നിമിഷം വരെ കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല. എന്തുകൊണ്ട്? അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് വാചാലമാകുന്നതല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥ ജനപ്രതിനിധികളുടെ കൈയിൽ അധികാരം പകർന്നുകൊടുത്തു കൊണ്ട് സാധാരണ നമ്മൾ അർത്ഥമാക്കുന്ന രീതിയിലുള്ള ഫെയിസ് റ്റു ഫെയിസ് ഡെമോക്രസി ഉണ്ടാകുന്നില്ല. പാർട്ടിസിപ്പേറ്ററീവ് ഡെമോക്രസി ഉണ്ടാകുന്നില്ല. ജനങ്ങളുടെ കൈയിൽ ഈ അധികാരങ്ങൾ നൽകി വികസന പ്രവർത്തനങ്ങളിൽ അവരുടെകൂടെ പങ്കാളിത്തം ഉറപ്പു വരുന്നില്ല. അതു ചെയ്യാതെ പഞ്ചായത്ത്‌രാജ് ബില്ലും, പഞ്ചായത്ത്‌രാജ് നിയമവും, നഗരപാലികാ നിയമവും, മുനിസിപ്പൽ നിയമവും ഉണ്ടാക്കിയതുകൊണ്ടുമാത്രം അധികാരം വികേന്ദ്രീകരിക്കപ്പെട്ടു എന്നു പറയാൻ കഴിയുമോ? കോൺഗ്രസിന്റെ ചരിത്രത്തിൽ ഒരു ഗവൺമെന്റും, കേരളത്തിൽ മാത്രമല്ല ഇൻഡ്യയിലെ ഒരു കോൺഗ്രസ് ഗവൺമെന്റും യഥാർത്ഥത്തിൽ അധികാരം വികേന്ദ്രീകരിച്ച് കൊടുക്കാനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവിടെ നമ്മുടെ സംസ്ഥാനത്തെ കാര്യം എടുത്തു പരിശോധിക്കുമ്പോൾ ഗ്രാമപഞ്ചായത്ത് മെമ്പർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്, ബ്ലോക്ക് പഞ്ചായത്തിലും, ജില്ലാ പഞ്ചായത്തിലും, മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും തെരഞ്ഞെടുപ്പ് കമ്മിറ്റികളുണ്ട്, സ്റ്റാൻഡിംഗ് കമ്മറ്റികളുണ്ട്, സകല സംഗതികളുമുണ്ട്. ഈ സകല ജനപ്രതിനിധികളെയും നിയന്ത്രിക്കുവാൻ വേണ്ടുന്ന പഞ്ചായത്ത് വകുപ്പുമുണ്ട്, മുനിസിപ്പൽ വകുപ്പുമുണ്ട്. സകല ജനപ്രതിനിധികളേയും നിയന്ത്രിക്കുന്ന പഞ്ചായത്ത് കമ്മിറ്റികളുടെ തീരുമാനങ്ങൾ നിയന്ത്രിക്കുന്ന ഡയറക്ടറേറ്റും ഡയറക്ടർമാരുമുണ്ട്. പഞ്ചായത്ത് കമ്മിറ്റികൾ എടുക്കുന്ന ഏതു തീരുമാനവും മാറ്റിമറിക്കുന്നതിന് ഗവൺമെന്റ് നിയോഗിക്കുന്ന ഉദ്യോഗസ്ഥൻമാരായ ഡയറക്ടർമാർ ഉണ്ട്. അധികാരം വികേന്ദ്രീകരിച്ച് പൂർണ്ണമായും നൽകപ്പെട്ടാൽ അധികാരം മുഴുവനും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി വീതിച്ചു നൽകിയാൽ എന്തിനാണ് ഈ ഡയറക്ടറേറ്റ്? ഈ ഡയറക്ടറുടെ ആവശ്യമുണ്ടോ? അതുപോലെ പഞ്ചായത്തുകൾക്ക് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്കും അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകപ്പെടാൻ അവർക്ക് നൽകപ്പെടുന്ന ഓരോ ഡിപ്പാർട്ടുമെന്റിലേയും ജീവനക്കാരെ അവർക്കുവേണ്ടി നൽകിയാൽ ആ ജീവനക്കാരുടെമേൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നിയന്ത്രണാധികാരം നൽകിയാൽ പിന്നെ ഈ പഞ്ചായത്ത് ഡയറക്ടറേറ്റ്, മുനിസിപ്പൽ ഡയറക്ടറേറ്റ് എന്നീ രണ്ടു സ്ഥാപനങ്ങളുടെ ആവശ്യമുണ്ടോ. അപ്പോൾ പഴയ ബ്യൂറോക്രസിയെ നിലനിർത്തിക്കൊണ്ട് ജനാധിപത്യം നടപ്പിലാക്കാൻ കഴിയുമോ? ഒരിക്കലും കഴിയുകയില്ല. ഇവിടത്തെ അഡ്മിനിസ്ട്രേഷൻ മെഷിനറി റീ-സ്ട്രക്ച്ചർ ചെയ്യാതെ അധികാരം വികേന്ദ്രീകരിക്കാൻ കഴിയുമോ? ഇവിടത്തെ അഡ്മിനിസ്ട്രേറ്റീവ് മെഷിനറി റീ-സ്ട്രക്ച്ചർ ചെയ്യാനുള്ള എന്തെങ്കിലും നടപടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ? ആറുമാസംകൊണ്ട് എല്ലാം ചെയ്തു തീർക്കാം എന്നല്ല ഞാൻ പറയുന്നത്. ഭരണയന്ത്രത്തിൽ പൊളിച്ചെഴുത്തു നടത്തി അധികാരം വികേന്ദ്രീകരിക്കാതെ ഈ ഭരണയന്ത്രം ഇതുപോലെ നിലനിർത്തിക്കൊണ്ട് ഈ ബ്യൂറോക്രസിയെ ഇതുപോലെ നിലനിർത്തിക്കൊണ്ട് അധികാരം വികേന്ദ്രീകരിച്ചു എന്നു പറയുന്നത് വിഡ്ഢിത്തമാണ്; വികേന്ദ്രീകരിക്കാൻ കഴിയുകയില്ല.

ശ്രീ. പി. ബാലൻ: ബഹുമാനപ്പെട്ട അങ്ങ് പഞ്ചായത്ത് മന്ത്രി ആയിരിക്കുമ്പോൾ കൊണ്ടുവന്ന ബില്ലിൽ ജില്ലാ കൗൺസിലിനെ ഗവൺമെന്റിനു പിരിച്ചുവിടാം എന്നുള്ള ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. അതുപയോഗിച്ചാണ് ശ്രീ. കരുണാകരന്റെ ഗവൺമെന്റ് അത് പിരിച്ചു വിട്ടത് എന്നറിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: ബഹുമാനപ്പെട്ട ബാലന് തെറ്റുപറ്റി. പിരിച്ചുവിടാൻവേണ്ടി ഇവിടെ നിയമം കൊണ്ടുവന്നു. അങ്ങ് പറയേണ്ടത് അതല്ല. അങ്ങ് പറയേണ്ട കാര്യം ഞാൻ പറഞ്ഞുതരാം. ഇവിടെ 283-ാം വകുപ്പിനു അമെൻറ്മെൻറ് കൊണ്ടുവന്നിട്ടുണ്ട്. ആ 283-ാം വകുപ്പ് ജില്ലാ കൗൺസിൽ നിയമത്തിൽ ഉണ്ടായിരുന്നു. എന്നു പറഞ്ഞാൽ അധികാരങ്ങൾ കൊടുക്കാനും തിരിച്ചെടുക്കാനുമുള്ള അധികാരം ഗവൺമെൻറിനുണ്ട്. പഞ്ചായത്ത്രാജ് ബില്ലിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന അമെൻറ്മെൻറ് നോക്കിയാൽ 283-ാം വകുപ്പ് 'പട്ടികകൾ ഭേദപ്പെടുത്താൻ സർക്കാരിനുള്ള അധികാരം' എന്നാണ് കാണിച്ചിരിക്കുന്നത്. പഞ്ചായത്ത് നിയമത്തിലുള്ളതുപോലെ അതു മാറാതെ കൊണ്ടുവന്നിരിക്കുകയാണ്. അതുപോലെ ജില്ലാ കൗൺസിലിലും ഉണ്ടായിരുന്നു. ആ അധികാരം ഉപയോഗിച്ചുകൊണ്ട് ശ്രീ. കരുണാകരന്റെ ഗവൺമെൻറ് തിരിച്ചെടുത്തപ്പോൾ അത് ശക്തിയായി പിന്താങ്ങിയ ആളാണ് ശ്രീ. ബാലൻ.

ശ്രീ. പി. ബാലൻ: നിങ്ങളുടെ ബില്ലിൽ അങ്ങനെ ഒഴിവുകഴിവ് ഉണ്ടായിരുന്നത് ഭരണനൈപുണ്യം ഏറെയുള്ള ശ്രീ. കരുണാകരൻ ഉപയോഗിച്ചുവെന്നേ ഞാൻ പറഞ്ഞുള്ളൂ. ഞാൻ വേറെയൊന്നും പറഞ്ഞില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാനും വേറെയൊന്നും പറഞ്ഞില്ല. അങ്ങനെ ശ്രീ. കരുണാകരൻ ഉപയോഗിച്ചപ്പോൾ ശ്രീ. ബാലനെപ്പോലെയുള്ള ജനാധിപത്യവാദികൾ രണ്ടുകയ്യും പൊക്കി സപ്പോർട്ടുചെയ്തു എന്നേ ഞാൻ പറഞ്ഞുള്ളൂ. ഇന്ന് അധികാരവികേന്ദ്രീകരണത്തിനുവേണ്ടി ശക്തിയായി വാദിക്കുന്ന കോൺഗ്രസും, കോൺഗ്രസിന്റെ നേതാവായ ശ്രീ. ബാലനും അതിനെ പൂർണ്ണമായും പിൻതാങ്ങുന്നുവെന്നേ ഞാനും പറഞ്ഞുള്ളൂ. അങ്ങനെയൊരു വകുപ്പില്ലെങ്കിൽപ്പോലും ശ്രീ. കരുണാകരന്റെ ഗവൺമെൻറിനു ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ഇതിനെ മാറ്റിക്കൂടേ?

ശ്രീ. ഒ. ഭരതൻ: പിൻതാങ്ങുക മാത്രമല്ല ചെയ്തത്. അഞ്ചോ ആറോ മാസം മാത്രം പ്രായമുള്ള ഒരു ചെറിയ കുഞ്ഞിനു ബിരിയാണി പോലത്തെ ഭക്ഷണം കൊടുക്കാൻ പാടില്ല എന്നുദ്ദേശിച്ചാണ് അത്തരം അധികാരങ്ങൾ പിൻവലിക്കുന്നത് എന്നാണ് അന്ന് ന്യായം പറഞ്ഞത്.

ശ്രീ. വി. ജെ. തങ്കപ്പൻ: അധികാരമെല്ലാം പെട്ടന്നങ്ങനെ കൊടുത്തുകൂടാ. കൊടുത്താൽ കൊച്ചുകുട്ടികൾക്ക് ബിരിയാണി കൊടുത്താൽ ദഹിക്കാത്തതുപോലെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് ദഹിക്കുകയില്ല എന്നു പറഞ്ഞാണ് പിൻവലിച്ചത്. അവസാനം പിരിച്ചുവിടാൻവേണ്ടി ബഹുമാനപ്പെട്ട കരുണാകരന്റെ ഗവൺമെൻറ്, ശ്രീ. ബാലന്റെ ഗവൺമെൻറ് നിയമം കൊണ്ടുവന്നു. വോട്ടിനിട്ട് പാസ്സാക്കി; അദ്ദേഹം അധികാരം മുഴുവൻ തിരിച്ചെടുത്തു; എന്നിട്ട് ഇന്ന് മാലാഖ ചമയുന്നു. അതാണ് മറ്റൊരു കഥ.

സർ, അധികാരം വികേന്ദ്രീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കാൻ ഒരു ഗവൺമെൻറ് ശ്രമിച്ചാൽ, അങ്ങനെ ശ്രമിക്കുമ്പോൾ ഈ ബ്യൂറോക്രസി ഇതുപോലെ നിലനിർത്താൻ കഴിയില്ല. ഭരണയന്ത്രത്തിൽ, അഡ്മിനിസ്ട്രേറ്റീവ് മെഷീനറിയിൽ പൊളിച്ചെഴുത്ത് നടത്തണം. അത് റീ-സ്ട്രക്ച്ചർ ചെയ്യണം. അത് റീ-സ്ട്രക്ച്ചർ ചെയ്യാൻ എന്തെങ്കിലും നടപടി ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അഡ്മിനിസ്ട്രേറ്റീവ് മെഷിനറി റീ-സ്ട്രക്ച്ചർ ചെയ്യാതെ ഒരു കാരണവശാലും അധികാരവികേന്ദ്രീകരണം നടത്താൻ കഴിയില്ല. അതുകൊണ്ട് ഈ ഗവൺമെൻറ് അഡ്മിനിസ്ട്രേറ്റീവ് മെഷിനറി അതു പോലെ നിലനിർത്തുന്നതുകൊണ്ട് അധികാരം വികേന്ദ്രീകരിക്കാൻ ഈ ഗവൺമെൻറിന് കഴിയില്ലായെന്നുള്ളത് ഉറപ്പാണ്. തെരഞ്ഞെടുക്കപ്പെട്ടത് ഞങ്ങളുമാത്രമല്ലല്ലോ തൊള്ളായിരത്തിലധികം പഞ്ചായത്തിൽ 611 പഞ്ചായത്തുപോയിട്ട് ബാക്കിയെല്ലാം ഐക്യജനാധിപത്യമുന്നണിയാണ്. അതുപോലെ 152 ബ്ലോക്കിൽ 52 ബ്ലോക്കുകൾ ഐക്യജനാധിപത്യമുന്നണിയല്ലേ ഭരിക്കുന്നത്? അങ്ങനെയുള്ള കോൺഗ്രസ്സിന്റെ ഐക്യ ജനാധിപത്യ മുന്നണിയുടെ പഞ്ചായത്ത്-മുനിസിപ്പൽ മെമ്പർമാർക്കും അതിന്റെ ചെയർമാൻമാർക്കുമൊക്കെ അധികാരം ലഭിക്കുന്നില്ല എന്ന ശക്തമായ പരാതിയുണ്ട്. അവരുടെ സെമിനാറുകളിൽ അവർ ശക്തമായി അത് പ്രകടിപ്പിക്കാറുണ്ട്. അവരുടെ അധികാരം വികേന്ദ്രീകരിച്ചു കിട്ടണം എന്ന് ആവശ്യപ്പെടുന്ന ഐക്യജനാധിപത്യമുന്നണിയുടെ കൗൺസിലർമാരും പഞ്ചായത്ത്, ഡിസ്ട്രിക്ട്, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് മെമ്പർമാരുമുണ്ട്. ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ ഇതൊരു ചർച്ചാവിഷയമല്ലേ? അഴിമതിയും സ്വജനപക്ഷപാതവും പിടിപ്പുകേടുമായും അതുപോലെതന്നെ ഒരു ചർച്ചാവിഷയമല്ലേ? അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയിട്ടുണ്ടോ? ഇവിടെ ഒരു ജലനയം പ്രഖ്യാപിച്ചു. ആ ജലനയം പ്രഖ്യാപിച്ചതിനുശേഷം കുടിക്കാൻ വെള്ളം കിട്ടുന്നില്ല. അതിനുമുൻപ് കുടിക്കാൻ വെള്ളം കിട്ടുമായിരുന്നു. ഇവിടെ ഇന്നു നടത്തിയ അരുപതോളം സബ്മിഷനുകളിൽ 45 എണ്ണം കുടിക്കാൻ വെള്ളമില്ല എന്നതു സംബന്ധിച്ചായിരുന്നു. ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞത് സംസ്ഥാന വ്യാപകമായി വെള്ളം കുഴലുകളിൽകൂടി കൊടുക്കുന്നുവെന്നാണ്. അതുപോലെ സാംസ്ക്കാരിക നയം പ്രഖ്യാപിച്ചു. ആ നയം പ്രഖ്യാപിച്ചതിനുശേഷം നടന്നതൊക്കെ അറിയാമല്ലോ?

[ശ്രീ. ഒ. ഭരതൻ: വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം— എന്നുള്ളതാണല്ലോ അവരുടെ നയം. ഇരുട്ടിനെ ഇഷ്ടപ്പെടുന്നവരാണ്.

[ശ്രീ. കെ. ബാബു: മേയ് 2, 7 എന്നീ തീയതികളിൽ ഇലക്ഷൻ ആണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ ഇനി സമയം കളയണ്ട. അവിടെ പോയി ഇതൊക്കെ നന്നായി വാദിച്ചാൽ പോരേ?

[ശ്രീ. വി. ജെ. തങ്കപ്പൻ: അവിടെ പറയുന്നതിനുവേണ്ടിയാണല്ലോ ഇവിടെ പറയുന്നത്. മൽസ്യനയം എന്നൊരു നയം കൊണ്ടുവന്നു. മൽസ്യനയം കൊണ്ടുവന്നതിനുശേഷം മൽസ്യമില്ല. ഉള്ള മൽസ്യത്തിനു വിലയും കൂടി. പിന്നെ മൽസ്യത്തിനു രോഗവും. പോരെ? ഈ സാംസ്ക്കാരികനയം പ്രഖ്യാപിച്ചതിനുശേഷം പെൺകുട്ടികൾക്ക് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യമാണ്. പിന്നെ Blue film നിർമ്മാണവും. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഒരു വ്യവസായനയം കൊണ്ടുവന്നു. ആ നയം കൊണ്ടുവന്നതിനുശേഷം കൂടുതലായി ഒറ്റ വ്യവസായംപോലും തുടങ്ങിയിട്ടില്ല. ഒരാളിനുപോലും കൂടുതലായി ജോലി കിട്ടിയിട്ടില്ല. വ്യവസായങ്ങൾ മിക്കവാറും പൂട്ടിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പറയുമ്പോഴേ കണ്ണുചിമ്മിയിട്ടാണ് പറയുന്നത്. ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ സ്ഥിതി എന്തായിരുന്നു? അത് ഞാൻ ശരിയാക്കിത്തന്നില്ലേ?

ശ്രീ. വി. ജെ. തങ്കപ്പൻ: ആ സ്പിന്നിംഗ് മിൽ ഞങ്ങളുടെ കാലത്ത് പ്രവർത്തിച്ചിരുന്നു; ഇപ്പോഴും പ്രവർത്തിക്കുന്നു. ഞങ്ങളുടെ കാലത്ത് പൂട്ടിയ മില്ലുകളൊന്നും പിന്നീട് തുറന്നില്ലല്ലോ, ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ നയം കൊണ്ടുവന്നപ്പോഴേ അതിന്റെ ഫലമായി 10 ലക്ഷം ആളുകൾക്ക് രജിസ്ട്രേഷൻ നഷ്ടപ്പെട്ടു. അതാണ് അതിന്റെ നയം. എന്തിന്, 10 ലക്ഷം പേർക്ക് തൊഴിൽ കിട്ടി എന്ന് വസ്തുതയ്ക്ക് വിരുദ്ധമായി, ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻവേണ്ടി, അതുപോലെ കാർഷിക നയം കൊണ്ടുവന്നതിനുശേഷം സകല രംഗത്തും ഉല്പാദനം കുറഞ്ഞു. നാളികേരത്തിന്റേയും നെല്ലിന്റേയും ഉൽപ്പാദനം കുറഞ്ഞു. അവസാനം വനിതാനയം കൊണ്ടുവന്നു. അതിന്റെ ഫലമായി ഇന്നു നിയമസഭയിൽ വാദപ്രതിവാദം നടന്നു. ആരൊക്കെയാണ് ആ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതെന്ന്, തട്ടിക്കൊണ്ടുപോയതിൽ ആരൊക്കെ ബലാൽസംഗം ചെയ്തു, അങ്ങനെ ചെയ്തതിൽ വല്ല രാഷ്ട്രീയപ്പാർട്ടിയുടേയും നേതാക്കൻമാരുണ്ടായിരുന്നോ—ഇതെല്ലാം നമ്മൾ ചർച്ച ചെയ്തതല്ലേ? അതാണ് വനിതാ നയം. നയങ്ങൾ പ്രഖ്യാപിച്ചതല്ലാതെ അധികാരം വികേന്ദ്രീകരിച്ചു എന്നു പറയുന്നതല്ലാതെ അധികാരം വികേന്ദ്രീകരിക്കുന്നതിനുള്ള യാതൊരു നടപടിക്രമങ്ങളും ഈ ഗവൺമെന്റ് കഴിഞ്ഞ ആറുമാസമായി എടുത്തിട്ടില്ല എന്നുള്ളതുകൊണ്ട് ഈ രണ്ടു ബില്ലുകളേയും അതി ശക്തമായി എതിർക്കാതിരിക്കാൻ കഴിയാത്തതുകൊണ്ട് എതിർക്കുന്നു; 283-ാം വകുപ്പ് മാറുന്നതിനെ സ്വാഗതം ചെയ്യുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പൊതുവായിട്ട് അദ്ദേഹം പറഞ്ഞിരിക്കുകയാണ്. വളരെ ജനറലായിട്ട്, ഇന്ത്യയിൽ ഉള്ളതിൽവച്ച് ഏറ്റവും നല്ല നയമെന്നുള്ള രീതിയിൽ അദ്ദേഹം കർണ്ണാടകവും ബംഗാളുമൊക്കെയാണ് പറഞ്ഞിരിക്കുന്നത്. ഫാക്ച്വലായിട്ട് അത് ശരിയല്ല. ഏറ്റവും നല്ല നിലയിൽ പഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയത് നമ്മൾ തന്നെയാണ്; യാതൊരു സംശയവുമില്ല. നമ്മളെല്ലാം ഒന്നിച്ചു ചേർന്ന് പാസ്സാക്കിയതാണ്. നമ്മളുടെ കൺസെൻസ് ആയിരുന്നല്ലോ? അതുപോലെ അധികാര വികേന്ദ്രീകരണത്തിന്റെ പോരായ്മകളെക്കുറിച്ച് പറഞ്ഞു. പോരായ്മകളുണ്ട്, ഇതൊക്കെ നടപ്പിലാക്കിവരുമ്പോൾ കൂടുതൽ കൂടുതൽ കാര്യങ്ങൾ നന്നായി വരുമെന്നാണ് എനിക്ക് പറയുവാനുള്ളത്. പിന്നെ നയങ്ങൾ വന്നതോടുകൂടി ഓരോന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയൊന്നുമില്ല. ഏപ്രിൽ 1-ാം തീയതി മുതൽ വെള്ളംകുടി മുട്ടുന്നുണ്ട്; അതേയുള്ളൂ. ഏപ്രിൽ 1-ാം തീയതി മുതൽ സംസ്ഥാനത്ത് വേറെ ചിലത് മുട്ടുന്നുണ്ട്. എല്ലാ നയവും നടപ്പാക്കി; അതിന്റെ ഗുണവും ഉണ്ടായിട്ടുണ്ട്, യാതൊരു സംശയവുമില്ല. പക്ഷേ എല്ലാ നയങ്ങളും പൂർത്തീകരിച്ചുവെന്ന് പറയാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഈ വേളയിൽ എനിക്ക് പറയാനുള്ളത് വളരെ നല്ല പെർഫോർമൻസ് കാഴ്ചവച്ച ഒരു പീരീഡാണിത് എന്നാണ്. ഇതു മാത്രമേ പൊതുവായിട്ട് ഇക്കാര്യത്തിൽ എനിക്ക് പറയാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാബാവ): സർ, ഈ ബിൽ സംബന്ധിച്ച് കൂടുതലൊന്നും എനിക്ക് പറയാനില്ല. സബ്ജക്ട് കമ്മറ്റി ഇതിനെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ട്. മാത്രമല്ല ഈ ഭേദഗതി പൊതുവായി മെമ്പർമാർക്ക് യോജിക്കാൻ സാധിക്കുന്ന ഒന്നാണ് എന്നാണ് വിശ്വാസം. പിന്നെ അധികാര കൈമാറ്റത്തിന് ഗവൺമെൻറ് പ്രതിജ്ഞാബദ്ധമാണ്. പരമാവധി അധികാര കൈമാറ്റം നടത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിയെന്നു മാത്രമല്ല ത്രിതല ഗവൺമെൻറുകൾക്ക് ആവശ്യമായ ഫണ്ട് നൽകുന്ന കാര്യത്തിലും ഗവൺമെൻറ് അങ്ങേയറ്റം ശുഷ്കാന്തി കാണിച്ചിട്ടുണ്ട്. അതുകൊണ്ട് വളരെ അത്യാവശ്യമായിട്ടുള്ള ഒരു ഭേദഗതി എന്നുള്ള നിലയിൽ ഇതിന് നിങ്ങളുടെയൊക്കെ സഹകരണം തേടുകയാണ്.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 മുതൽ 4 വരെയുള്ള വകുപ്പുകൾ

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 4 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണം എന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

2 മുതൽ 7 വരെയുള്ള വകുപ്പുകൾ

2 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2 മുതൽ 7 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കി.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1996-ലെ കേരളാ പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(സഭ രാത്രി 7.50-ന് ഭക്ഷണത്തിനുവേണ്ടി പിരിയുകയും 8.15-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

8.15 p.m.] മി. സ്പീക്കർ: ഓർഡർ..... ..ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly